# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## എൽ.എം.എസ്. യു.പി. എസ്.

## കന്റോൺമെന്റ്

## ഉള്ളടക്കം


അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ ചരിത്രം

പൊതുലക്ഷ്യങ്ങൾ

പ്രവർത്തനങ്ങൾ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എൽ.എം.എസ്. യു.പി.എസ്, കന്റോൺമെന്റ് |
| വിലാസം | : | എൽ.എം.എസ്. യു.പി.എസ്. കന്റോൺമെന്റ് പാളയം,വികാസ്ഭവൻ പി.ഒ. |
| ഫോൺ നമ്പർ | : | 0471-2310826 |
| സ്കൂൾ കോഡ് | : | 43348 |
| വിദ്യാഭ്യാസ ഉപജില്ല | : | തിരുവനന്തപുരം നോർത്ത് |
| ജില്ല | : | തിരുവനന്തപുരം |
| URC | : | പേട്ട |
| CRC | : | തമ്പാനൂർ |
| കോർപ്പറേഷൻ | : | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | : | വട്ടിയൂർക്കാവ് |
| ലോകസഭാമണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | തിരുവനന്തപുരം |
| സ്കൂളിന്റെ E-mail | : | lmsupstvm@gmail.com |

# വിദ്യാലയ ചരിത്രം

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ദക്ഷിണ തിരുവിതാം കൂറിലെത്തിയ ലണ്ടൻ മിഷണറി സൊസൈറ്റി (എൽ. എം. എസ്) യുടെ മിഷണറിമാരാൽ സ്ഥാപിതമായ വിദ്യാലയമാണ് കന്റോൺമെന്റ് എൽ. എം. എസ്. യു. പി. സ്കൂൾ. 1903 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. തിരുവനന്തപുരം മൃഗശാല, കോർപ്പറേഷൻ ഓഫീസ്, യൂണിവേഴ്സിറ്റി സ്റ്റേഡിയം എന്നിവയ്ക്കു സമീപം എൽ. എം. എസ്. കോമ്പൗണ്ടിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഈ സ്കൂളിലെ എൽ. പി. വിഭാഗം ഗവൺമെന്റിന് വിട്ടുകൊടുത്തതോടു കൂടി (ഗവൺമെന്റ് എൽ. പി. എസ്. നന്ദാവനം) ആ കാലത്ത് കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരികയും ക്രമേണ പട്ടണത്തിലെ ചേരിപ്രദേശത്തുള്ള കുട്ടികളും, ബാലികാമന്ദിരത്തിലെ കുട്ടികളും മാത്രം പഠിക്കുന്ന ഒരു വിദ്യാലയമായി മാറുകയും ചെയ്തു. ഇപ്പോൾ ഈ വിദ്യാലയത്തിൽ യു. പി. വിഭാഗം മാത്രമാണുള്ളത്.

## വിദ്യാലയത്തിന്റെ ഇന്നത്തെ അവസ്ഥ :-

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ മൂലം 2022-23 അധ്യയനവർഷം മുൻ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരികയും മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയം എന്ന വിഭാഗത്തിൽ ഉൾപ്പെടുകയും ചെയ്തു. യു. പി. വിഭാഗം മാത്രം ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നതിനാൽ കുട്ടികളെ ഇവിടെ പഠിപ്പിക്കുന്നതിന് രക്ഷിതാക്കൾ വൈമനസ്യം പ്രകടിപ്പിക്കുന്നു. ഈ വിദ്യാലയത്തിൽ വിൽസ് ഗേൾസ് ബോർഡിംഗ് ഹോം, കണ്ണമ്മൂല സി. എം. എസ്. ഹോം എന്നിവിടങ്ങളിലെ കുഞ്ഞുങ്ങളും, സ്വന്തം വീടുകളിൽ നിന്നും വരുന്ന വിരലിലെണ്ണാവുന്ന കുഞ്ഞുങ്ങളുമാണ് ഈ വർഷം അധ്യയനം നടത്തിവരുന്നത്.

തീരപ്രദേശങ്ങളിലെ കുട്ടികളെ മുൻവർഷങ്ങളിൽ നമുക്ക് ലഭിച്ചിരുന്നുവെങ്കിലും മറ്റു സർക്കാർ വിഭാഗങ്ങളിലെ വിദ്യാലയങ്ങളിൽ അത്തരം കുട്ടികൾക്ക് നിർബന്ധപൂർവ്വം പ്രവേശനം നൽകുന്നതിനാൽ നമ്മുടെ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. അടുത്ത അധ്യയനവർഷം ഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വർധിപ്പിക്കുന്നതിന് ദക്ഷിണകേരള മഹായിടവകയ്ക്ക് കീഴിലെ സഭകളിൽ നിർധനരും, അനാഥരും, അശരണരുമായ യു. പി. വിഭാഗത്തിൽ പഠിക്കേണ്ടുന്ന കുട്ടികൾക്ക് ഹോമുകളിൽ അഡ്മിഷൻ നേടി പഠിക്കാവുന്നതാണ് എന്ന അറിയിച്ച് നൽകേണ്ടതുണ്ട്.

## പൊതുവിശകലനം :

സാമൂഹികപരമായും, സാമ്പത്തികപരമായും, വിദ്യാഭ്യാസപരമായും വളരെ പിന്നാക്കം നിൽക്കുന്ന വീടുകളിലെ കുഞ്ഞുങ്ങളാണ് ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നത്. അഞ്ച് മുതൽ ഏഴ് വരെ ക്ലാസുകളാണ് നിലവിലുള്ളത്. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ മൂന്ന് അധ്യാപകരും, പാർട്ട് ടൈം ഹിന്ദി (ദിവസവേതനം), ഓഫീസ് അറ്റൻഡന്റും ജീവനക്കാരായി ഇവിടെ പ്രവർത്തിക്കുന്നു.

പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ വളരെയധികം കഴിവുള്ള കുഞ്ഞുങ്ങളാണ് ഇവിടെ പഠിക്കുന്നത്. എങ്കിലും അവരുടെ സാഹചര്യങ്ങൾ മൂലം മുൻനിരയിലേക്ക് എത്തിച്ചേരാൻ സാധിക്കുന്നില്ല. അധ്യാപകരുടെ നിരന്തരമായ ഇടപെടലുകളിലൂടെ ഓരോ കുട്ടിയെയും പൂർണമായി മനസ്സിലാക്കി പഠനപ്രവർത്തനങ്ങളിലേക്ക് നയിക്കുന്നു. കല-കായിക പ്രവർത്തനങ്ങളിൽ ഈ വിദ്യാലയം മികവ് പുലർത്തുന്നു. മത്സര പരീക്ഷകളിൽ കുഞ്ഞുങ്ങളെ പങ്കെടുപ്പിക്കുന്നു. യു.ആർ.സി. തലത്തിൽ നടത്തുന്ന വിവിധ മത്സരങ്ങളിലും നമ്മുടെ കുഞ്ഞുങ്ങളെ പങ്കാളികളാക്കുന്നുണ്ട്. അധ്യാപകർ കുഞ്ഞുങ്ങളുടെ വിവിധ കഴിവുകളെ കണ്ടെത്തി പ്രോത്സാഹനവും, പരിശീലനവും നൽകി വരുന്നു.

പൊതുലക്ഷ്യങ്ങൾ :

* വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
* കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനം ലഭ്യമാക്കും
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
* ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിച്ച് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഉറപ്പു വരുത്തും
* അക്കാദമിക സപ്പോർട്ടിനായി ഓരോ വിഷയങ്ങൾക്കും പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകും.
* മാലിന്യമുക്തവിദ്യാലയം, ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പാക്കും.
* ലഹരി, ആരോഗ്യം, ശുചിത്വം, വ്യക്തിത്വ വികസനം ഇവയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകൾ.
* പ്രവൃത്തി പരിചയ പഠനം, കായിക പഠനം ഇവയ്ക്ക് പ്രത്യേക പരിശീലനം.
* സമഗ്രമായ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും
* SAS പരീക്ഷയ്ക്ക് ആവശ്യമായ മാതൃകാചോദ്യങ്ങൾ എല്ലാ ക്ലാസുകളിലും നൽകി പരിശീലിപ്പിക്കും.
* കലാ-കായിക വാസനകളെ പരിപോഷിപ്പിക്കുന്നതിനായി കാരംസ് പരിശീലനം, സുംബ ഡാൻസ്, നാടകക്കളരി എന്നിവയും സാമൂഹ്യ വൈകാരിക വികസനം ലക്ഷ്യം വച്ച് വിവിധ ക്ലബ് പ്രവർത്തനങ്ങൾ, അടുക്കളത്തോട്ടനിർമ്മാണം
* ശാസ്ത്രാഭിരുചി വളർത്തുന്നതിനായി ആഴ്ചയിലൊരു പരീക്ഷണം എന്ന നിലയിൽ പ്രവർത്തനം.

# ENGLISH ACADEMIC MASTER PLAN

class 5, 6, 7

| Aim | Activites | Month | Responsible Person | Economic source | Assessment |
|---|---|---|---|---|---|
| · Improve reading fluency | Daily reading time, storybook sharing | June, July | English teacher | School library | |
| · Enhance vocabulary | word wall, vocabulary games, | | English teacher | chart paper markers | |
| · Develop grammar skills | worksheets, grammer, games | August | | photo copies, blackboard | |
| · Ecourage creative writing | story and poem writing competitions | September | | Notebooks, prizes | |
| · Build speaking confidence | show and tell, role play English conversation | October | | classroom props | |
| · Improve listening skills | Listening to stories, answering questions | November → | | speaker/ audio device | |
| prepare for exams | Revision sessions, model question paper practice | December | | old question papers | |
| Strengthen comprehension skills | Reading passages with Q & A | January | | Textbooks, worksheets | |
| Showcase language learning | English Day - Speeches Skits, Songs | February | | Stage/PPT support | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| • സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികളുടെ അടിസ്ഥാനതല അറിവ് പരിശീലിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. (ക്വിസ്, ... | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| | • നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ ഇവയെ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | " | " | |
| • കുട്ടികളുടെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | " | " | |
| • സാമൂഹ്യബോധം വളർത്താൻ. | സാമൂഹ്യശാസ്ത്ര ക്ലബ് - രൂപീകരണം | | | |
| • സാമൂഹ്യശാസ്ത്ര പരിപോഷണം | ഭൂപടനിർമ്മാണം - കേരളം, ഇൻഡ്യ. | | | |

# അടിസ്ഥാന ശാസ്ത്രം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് : 5, 6, 7

ലക്ഷ്യങ്ങൾ :-

- ശാസ്ത്രത്തിൽ സവിശേഷ വൈദഗ്ധ്യമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
- ശാസ്ത്ര പഠനലക്ഷ്യങ്ങൾ എല്ലാ കുട്ടികളും കൈവരിക്കുക.
- ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പൂർണ്ണ പിന്തുണ നൽകുക.
- ശാസ്ത്രത്തിൽ ഐ.ടി. സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- ശാസ്ത്രലാബ് നവീകരണം.
- ശാസ്ത്ര യാത്രകൾ.
- ശാസ്ത്രമേള
- ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ
- ശാസ്ത്ര പരീക്ഷണങ്ങൾ

# അടിസ്ഥാനശാസ്ത്രം

ക്ലാസ് 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| ശാസ്ത്രകൗതുകമുള്ള കുട്ടിയെ പ്രോത്സാഹിപ്പിക്കൽ | ശാസ്ത്രത്തിൽ താൽപര്യം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിച്ച് ശാസ്ത്രനിരീക്ഷണത്തിന് പ്രാപ്തമാക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | ശാസ്ത്രാധ്യാപിക. | | HM |
| ശാസ്ത്ര പഠനലക്ഷ്യങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കൽ | ലക്ഷ്യമായ പരീക്ഷണങ്ങളിലൂടെയും, മറ്റു ലക്ഷ്യമായ പ്രവർത്തനങ്ങളിലൂടെയും എല്ലാകുട്ടികളിലും ശാസ്ത്ര പഠനലക്ഷ്യങ്ങൾ ഉറപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക | | |
| ശാസ്ത്രലാബ് നവീകരിക്കൽ | പരീക്ഷണങ്ങളിലൂടെ ശാസ്ത്രപഠനം കൂടുതൽ രസകരമാക്കിത്തീർക്കുന്നതിന് ശാസ്ത്രലാബ് നവീകരിക്കുന്നു. | അക്കാദമിക വർഷം. | SRG<br>ശാസ്ത്രാധ്യാപിക | | HM |
| ശാസ്ത്രയാത്രകൾ | ശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിന് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.<br>ഉദാ: ജ്ഞാനദോഷിയം. | വർഷത്തിൽ രണ്ട്. | HM<br>ശാസ്ത്രാധ്യാപിക | | |
| ശാസ്ത്രമേള | കുട്ടികൾക്ക് അവരുടെ ശാസ്ത്ര സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും മറ്റു കുട്ടികൾക്ക് അവതരണം നൽകുന്നതിനും അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒന്ന് | ശാസ്ത്രാധ്യാപിക. | | |
| ശാസ്ത്രദിനാചരണങ്ങൾ | പ്രധാന ദിനങ്ങളിൽ (ശാസ്ത്രവുമായി ബന്ധപ്പെട്ട) അവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളിൽ | സയൻസ് അധ്യാപിക | | |

ക്ലാസ് 5, 6, 7

# മലയാളം അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | പ്രീടെസ്റ്റ് നടത്തൽ - അക്ഷരം, അടയാളം എന്നിവ തിരിച്ചറിയാൻ വേണ്ടി അക്ഷരകാർഡ്, വാക്യം എഴുതിയ കാർഡുകൾ ഇവ നൽകുന്നു.<br>- അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ, ജൂലൈ | മലയാളം അധ്യാപിക. | | |
| വായന പരിപോഷണം<br>എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക. | ക്ലാസ് ലൈബ്രറിയിൽ കുട്ടികളുടെ നിലവാരത്തിനു യോജിച്ച പുസ്തകങ്ങൾ ക്രമീകരിക്കുന്നു.<br>• എല്ലാ ക്ലാസുകളിലും പത്രം ലഭ്യമാക്കുന്നു.<br>അസംബ്ലിയിലും, ക്ലാസിലും എല്ലാ ദിവസവും പത്രവായനയും, പത്രവാർത്തകളെക്കുറിച്ചുള്ള വിശകലനവും നടത്തുന്നു.<br>പത്രവാർത്തകളെ അടിസ്ഥാനമാക്കി ചർച്ചയിസ് നടത്തുന്നു. | അക്കാദമിക വർഷം | | | |
| കുട്ടികളിൽ രചനാപരമായ കഴിവ് വളർത്തുക. | കുട്ടികൾ വായിച്ച പുസ്തകത്തിന്റെ വായനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | | | |
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ. | വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഓരോ കവികളുടെ പേരുകൾ നൽകുന്നു ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും, കവിയുടെ ചെറുജീവചരിത്രക്കുറിപ്പും തയ്യാറാക്കുന്നു. പുസ്തകരൂപത്തിൽ ഇത് പ്രസിദ്ധീകരിക്കുന്നു. | | | | |

| | | | | | |
|---|---|---|---|---|---|
| ഭാഷാ ഗ്യാലറി ഒരുക്കൽ. മലയാള ഭാഷയെ കുറിച്ച് കൂടുതൽ അറിയുന്നതിന് | കവികളുടെ ചിത്രങ്ങൾ, ജീവ ചരിത്രക്കുറിപ്പുകൾ, പതിപ്പുകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇവ ഉൾപ്പെടുത്തി ആകർഷ ഗ്യാലറി ഒരുക്കുന്നു | അക്കാദമിക വർഷം | കുട്ടികൾ | | HM അധ്യാപകർ |
| കൈയെഴുത്തു മാസിക തയ്യാറാക്കൽ | ഓരോ ദിനാചരണങ്ങളിലും ഓരോ വിഷയത്തിലും നടന്നിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് കൈയെഴുത്ത് മാസിക തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്ന് | കുട്ടികൾ | | HM അധ്യാപകർ ചി.ടി.എ |

# ഗണിതം

ക്ലാസ് 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതലാബ് — ഗണിതശേഷി വികസനം<br>ഗണിത ഗവേഷണ താല്പര്യം ഉളവാക്കൽ | പ്രത്യേക വിലകുറഞ്ഞ വസ്തുക്കളും, പാഴ് വസ്തുക്കളും ഉപയോഗിച്ച് പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ നിർമ്മിക്കുകയും, ശേഖരിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുക.<br>ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുക | വർഷം മുഴുവൻ | കുട്ടികൾ, അധ്യാപകർ, SSG |
| | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, ഗണിതശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം, സംഭാവനകൾ, ഗണിത കവിതകൾ, കുസൃതി കണക്കുകൾ, ഗണിത പസിലുകൾ, ഗണിതകഥകൾ തുടങ്ങിയ പുസ്തകങ്ങൾ ശേഖരിക്കുക. | വർഷത്തിൽ ഒന്ന്. | ഗണിതാധ്യാപിക ഗണിതക്ലബ്. |
| ഗണിത പാർക്ക് ഗണിതാന്തരീക്ഷം ഉളവാക്കുന്നതിന് ഗണിതത്തോടുള്ള താൽപര്യം വർധിപ്പിക്കൽ | ഗണിത ചിത്രങ്ങൾ, ഗണിത ഉപകരണങ്ങളുടെ ചിത്രങ്ങൾ, സംഖ്യകൾ എന്നിവ ആകർഷണീയമായ രീതിയിൽ ചുമരുകളിൽ വരയ്ക്കുക. | വർഷം മുഴുവൻ | അധ്യാപകർ, ക്ലബ്. |
| ഒറിഗാമി | ജ്യാമിതീയ രൂപങ്ങൾ കൊണ്ട് വിവിധ രൂപങ്ങൾ നിർമ്മാണം, വരയ്ക്കൽ. | സമയംകണ്ടെത്തി ചെയ്യുന്നു | |
| ഗണിതമേള<br>ഗണിതപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ, ഗണിതം രസകരമായി പഠിക്കാൻ | ഗണിതവുമായി ബന്ധപ്പെട്ട മോഡലുകൾ, വിവിധ ഗണിത പാറ്റേണുകൾ, വർക്കിംഗ് മോഡലുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന്. | ഗണിതാധ്യാപിക |

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. | പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുന്നാക്ക നിലയിലെത്തിക്കാനാവശ്യമായ ലളിത പ്രവർത്തനങ്ങൾ.<br>* യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവൻ. | എല്ലാ അധ്യാപകരും.. |

SAS പരീക്ഷ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| SAS പരീക്ഷയിൽ എല്ലാ കുട്ടികളെയും മുന്നാക്ക നിലവാരത്തിലെത്തിക്കുക | ഈ പരീക്ഷയ്ക്ക് ആവശ്യമായ മാതൃകാ ചോദ്യങ്ങൾ കണ്ടെത്തി നൽകും.<br>പ്രത്യേക സമയം ഇതിനായി കണ്ടെത്തി പരിശീലനം നൽകൽ. | ജൂലൈ മുതൽ ഡിസംബർ വരെ | അധ്യാപകർ |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ | നിലയിരുത്തൽ |
|---|---|---|---|---|---|
| ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടിക്ക് ഹിന്ദി ഭാഷയോടുള്ള സ്നേഹം വളർത്തിയെടുക്കുക. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉപയോഗിക്കൽ<br>• Class തല പ്രവർത്തനം<br>• വാക്യങ്ങൾ, വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങളുടെ ചിത്രങ്ങൾ നിർമ്മിക്കൽ | ജൂൺ 2018 മുതൽ | ഹിന്ദി അധ്യാപിക | | |
| ഹിന്ദി - കഥ കവിത - വായന കോസ് ലൈബ്രറി നിർമ്മാണം. | ആഴ്ചയിൽ ഒരു ദിവസം നിലവാരത്തിന് അനുസരിച്ചുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. | ജൂൺ 2018 മുതൽ | ഹിന്ദി അധ്യാപിക | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വിതരണം ചെയ്യാനുമുള്ള അവസരം (സുനിലി ഹിന്ദി) | • ചിത്രവായനയോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം - അടിക്കുറിപ്പ്.<br>ചിത്രം - കഥ<br>ഉത്തരൻ<br>കഥ പൂർത്തിയാക്കൽ<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ. | വർഷം മുഴുവൻ | ഹിന്ദി അധ്യാപിക | | |
| ഹിന്ദി ക്ലബ്ബ് | കാര്യക്ഷമമാക്കുന്നു. | വർഷം മുഴുവൻ | ഹിന്ദി അധ്യാപിക | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഹിന്ദിബുക്ക് | ആരോ തുടിയും അക്ഷരവരുടെ ഹിന്ദിബുക്ക്, പുസ്തകം ഒംഗിയായി സൂക്ഷിക്കുന്നു. ഹിന്ദിയുമായി ബന്ധപ്പെട്ട എല്ലാം ഇതിൽ രേഖപ്പെടുത്തുന്നു. | വർഷം മുഴുവൻ | ഹിന്ദി അധ്യാപിക | | |
| ICT ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കൽ | പഠനപ്രവർത്തനങ്ങൾ ICT യുടെ സഹായത്തോടെ ലളിതമാക്കുന്നു. | ജൂൺ മാർച്ച് മുതൽ | ഹിന്ദി അധ്യാപിക. | | |
| ഹിന്ദി സംസാരിക്കുവാനുള്ള പരിശീലനം | ഹിന്ദി സംസാരിക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നു. ഭാഷ സുഗമമായി കൈകാര്യം ചെയ്യാനുള്ള ശേഷി വളർത്തിയെടുക്കുന്നു. | വർഷം മുഴുവൻ | ഹിന്ദി അധ്യാപിക | | |
| ഹിന്ദി ഗ്രന്ഥശാല ആരംഭിക്കൽ | പുതിയ വാക്ക് അവയുടെ ചിത്രം, അർത്ഥം എന്നിവ പരിചയപ്പെടുത്തുന്നു. | വർഷം മുഴുവൻ | ഹിന്ദി അധ്യാപിക | | |